# മധുരമായ കുട്ടികളേ - തന്റെ സ്വഭാവത്തെ ബാബയ്ക്ക് സമാനം സരളമാക്കൂ, നിങ്ങളിൽ യാതൊരു അഹങ്കാരവും ഉണ്ടാകരുത്, ജ്ഞാനയുക്ത ബുദ്ധിയുള്ളവരാകണം, ഗർവ്വ് പാടില്ല.

**ചോദ്യം:-** സേവനം ചെയ്തുകൊണ്ടും ചില കുട്ടികൾ കുഞ്ഞുങ്ങളിലും കുഞ്ഞുങ്ങളാണ്- എങ്ങനെ?
**ഉത്തരം:-** പല കുട്ടികളും സേവനം ചെയ്തുകൊണ്ടിരിക്കുന്നുണ്ട്, മറ്റുള്ളവരെ ജ്ഞാനം കേൾപ്പിച്ചുകൊണ്ടിരിക്കുന്നു പക്ഷേ ബാബയെ ഓർമ്മിക്കുന്നില്ല. ബാബാ ഓർമ്മിക്കാൻ മറന്നുപോകുന്നു എന്ന് പറയുന്നു. അതിനാൽ ബാബ അവരെ കുഞ്ഞുങ്ങളിലും കുഞ്ഞാണെന്ന് പറയുന്നു എന്തുകൊണ്ടെന്നാൽ കുട്ടികൾ ഒരിയ്ക്കലും അച്ഛനെ മറക്കാറില്ല, നിങ്ങളെ രാജകുമാരനും രാജകുമാരിയുമാക്കി മാറ്റുന്ന ആ അച്ഛനെ നിങ്ങൾ എന്തുകൊണ്ടാണ് മറന്നുപോകുന്നത്? അഥവാ മറന്നുപോയാൽ എങ്ങനെ സമ്പത്ത് ലഭിക്കും. നിങ്ങൾക്ക് കൈകൾകൊണ്ട് ജോലികൾ ചെയ്യുമ്പോഴും ബാബയെ ഓർമ്മിക്കണം.

**ഓം ശാന്തി**. പഠിപ്പിന്റെ പ്രധാന ലക്ഷ്യം നിങ്ങൾ കുട്ടികളുടെ മുന്നിലുണ്ട്. കുട്ടികൾക്ക് ഇതും അറിയാം ബാബ സാധാരണ ശരീരത്തിൽ, അതും വൃദ്ധ ശരീരത്തിലാണെന്ന്. അവിടെയാണെങ്കിൽ വൃദ്ധനായാലും ഞാൻ കുട്ടിയായി മാറും എന്നതിൽ സന്തോഷമുണ്ടാകും. അതിനാൽ ഇതും അറിയും, ബ്രഹ്മാബാബയ്ക്കും ഞാൻ ഇതായി മാറും എന്ന സന്തോഷമുണ്ട്. കുട്ടികളെപ്പോലെയാണ് പെരുമാറ്റം. കുട്ടികളെപ്പോലെ വളരെ സരളമായിരിക്കുന്നു. അഹങ്കാരം ഒന്നുമില്ല. ജ്ഞാനയുക്ത ബുദ്ധിയാണ്. എങ്ങനെയാണോ ബ്രഹ്മാബാബയ്ക്ക് ഉള്ളത് അതുപോലെയായിരിക്കണം നിങ്ങൾ കുട്ടികളുടേതും. ബാബ നമ്മെ പഠിപ്പിക്കാൻ വന്നതാണ്, നമ്മൾ ഇതായി മാറും. അതിനാൽ നിങ്ങൾ കുട്ടികൾക്കും ഉള്ളിന്റെയുള്ളിൽ ഈ സന്തോഷം ഉണ്ടാകേണ്ടേ- നമ്മൾ ഈ ശരീരം ഉപേക്ഷിച്ച് പോയി ഇതായി മാറും. രാജയോഗം പഠിക്കുകയാണ്. ചെറിയ കുട്ടികളാണെങ്കിലും മുതിർന്നവരാണെങ്കിലും എല്ലാവരും ശരീരം ഉപേക്ഷിക്കും. എല്ലാവർക്കും ഒരേ പഠിപ്പാണ്. ഇവരും പറയുന്നുണ്ട് നമ്മൾ രാജയോഗം പഠിക്കുകയാണ്. പിന്നീട് ഞാൻ പോയി രാജകുമാരനാകും. നിങ്ങളും പറയുന്നുണ്ട് ഞാൻ രാജകുമാരീ- രാജകുമാരനായി മാറും. നിങ്ങൾ പഠിക്കുന്നത് രാജകുമാരിയും രാജകുമാരനുമായി മാറാനാണ്. അന്തിമമനം പോലെ ഗതിയുണ്ടാകും. നമ്മൾ ദരിദ്രനിൽ നിന്നും രാജകുമാരനാവുകയാണ് എന്ന നിശ്ചയം ബുദ്ധിയിലുണ്ട്. ഈ ദരിദ്രലോകം തന്നെ അവസാനിക്കും. കുട്ടികൾക്ക് വളരെ അധികം സന്തോഷം ഉണ്ടാകണം. ബാബ കുട്ടികളേയും തനിക്കുസമാനമാക്കി മാറ്റുകയാണ്. ശിവബാബ പറയുന്നു എനിക്ക് രാജകുമാരിയോ രാജകുമാരനോ ആകേണ്ടതില്ല. ബ്രഹ്മാബാബയാണ് പറയുന്നത് നമുക്ക് ആകുകതന്നെ വേണമെന്ന്. നമ്മൾ പഠിക്കുകയാണ്, ഇതായി മാറുന്നതിനായി. രാജയോഗമല്ലേ. കുട്ടികളും പറയുന്നുണ്ട് നമ്മൾ രാജകുമാരി- രാജകുമാരനായി മാറും. ബാബ പറയുന്നു തീർത്തും ശരിയാണ്. നിങ്ങളുടെ മുഖത്തിൽ റോസാപുഷ്പമാണ്. ഈ പരീക്ഷയും രാജകുമാരീ രാജകുമാരനായി മാറാനുള്ളതാണ്. ജ്ഞാനം വളരെ സഹജമാണ്. ബാബയെ ഓർമ്മിക്കണം പിന്നെ ഭാവിയിലെ സമ്പത്തിനെ ഓർമ്മിക്കണം. ഈ ഓർമ്മിക്കുന്നതിലാണ് പരിശ്രമം. ഈ ഓർമ്മയിൽ ഇരിക്കുകയാണെങ്കിൽ അന്തിമമനം പോലെ ഗതിയുണ്ടാകും. സന്യാസിമാർ ഉദാഹരണം പറയാറുണ്ട്, ആരോ പോത്താണ് എന്ന് പറഞ്ഞു........അപ്പോൾ സത്യത്തിൽ അതാണെന്ന് കരുതാൻ തുടങ്ങി. അതെല്ലാം വ്യർത്ഥമായ കാര്യങ്ങളാണ്. ഇവിടെ ധർമ്മത്തിന്റെ കാര്യമാണ് അതിനാൽ ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ് ജ്ഞാനം വളരെ സഹജമാണ്, പക്ഷേ ഓർമ്മയിൽ പരിശ്രമമുണ്ട്. ബാബ എപ്പോഴും പറയുന്നു- നിങ്ങൾ കുഞ്ഞുങ്ങളാണ്. അപ്പോൾ കുട്ടികൾ സംശയിക്കും, ഞങ്ങൾ കുഞ്ഞുങ്ങളാണോ? ബാബ പറയുന്നു- അതെ, കുഞ്ഞുങ്ങളാണ്. തീർച്ചയായും ജ്ഞാനം നന്നായുണ്ട്, പ്രദർശിനിയിലും വളരെ നന്നായി സേവനം ചെയ്യുന്നുണ്ട്, രാവും പകലും സേവനത്തിൽ മുഴുകുന്നുണ്ട് എന്നിട്ടും കുഞ്ഞാണെന്ന് പറയുന്നു. ബാബ പറയുന്നു ഈ ബ്രഹ്മാവും കുഞ്ഞാണ്. ഈ ബാബ പറയുന്നു നിങ്ങൾ എന്നെക്കാൾ വലുതാണ്, ഇവരുടെ മേലാണെങ്കിൽ ഒരുപാട് കേസുകളുണ്ട്. ആരുടെ തലയിൽ കേസുകളുണ്ടോ........ എല്ലാ ചിന്തകളും ഉണ്ടാകും. എത്ര വാർത്തകളാണ് ബാബയുടെ അടുത്ത് എത്തുന്നത് അതിനാൽ വീണ്ടും രാവിലെ ഇരുന്ന് ഓർമ്മിക്കാൻ പരിശ്രമിക്കുന്നു. സമ്പത്ത് ബാബയിൽ നിന്നുതന്നെയാണ് നേടേണ്ടത്. അതിനാൽ ബാബയെ ഓർമ്മിക്കണം. മുഴുവൻ കുട്ടികൾക്കും ദിവസവും മനസ്സിലാക്കിത്തരുന്നു. മധുരമായ കുട്ടികളേ, നിങ്ങൾ ഓർമ്മയുടെ യാത്രയിൽ വളരെ ബലഹീനമാണ്. ജ്ഞാനത്തിൽ തീർച്ചയായും സമർത്ഥരാണ് പക്ഷേ ഓരോരുത്തരും തന്റെ ഹൃദയത്തോട് ചോദിക്കൂ- ഞാൻ ബാബയുടെ ഓർമ്മയിൽ എത്ര സമയം ഇരിക്കുന്നുണ്ട്? ശരി, പകൽ ഒരുപാട് ജോലിക്കാര്യങ്ങളിൽ ബിസിയായിരിക്കുന്നു, പക്ഷേ ജോലികൾ ചെയ്തുകൊണ്ടും ഈസിയായി ബാബയെ ഓർമ്മിക്കാൻ സാധിക്കും. പഴഞ്ചൊല്ലുണ്ടല്ലോ

കൈകൾ പണിയെടുക്കട്ടെ ഹൃദയം ഓർമ്മിക്കട്ടെ... എങ്ങനെയാണോ ഭക്തിമാർഗ്ഗത്തിൽ പൂജ ചെയ്യുന്നത്, ബുദ്ധി മറ്റു കാര്യങ്ങളിലേയ്ക്ക് പോകും അഥവാ ഒരു സ്ത്രീയുടെ പതി വിദേശത്താണെങ്കിൽ ബുദ്ധി കൂടുതൽ അടുപ്പമുള്ള പതിയിലേയ്ക്ക് പോകും. തീർച്ചയായും നന്നായി സേവനം ചെയ്യുന്നുണ്ട് എന്നിട്ടും ബാബ കുഞ്ഞുങ്ങളുടെ ബുദ്ധിയാണ് എന്ന് പറയുന്നു. വളരെ അധികം കുട്ടികൾ എഴുതുന്നുണ്ട്– ഞങ്ങൾ ബാബയെ ഓർമ്മിക്കാൻ മറന്നുപോകുന്നു. നോക്കൂ, കുട്ടികൾ പോലും അച്ഛനെ മറക്കില്ല അതിനാൽ നിങ്ങൾ കുഞ്ഞുങ്ങളിലും കുഞ്ഞുങ്ങളാണ്. ആരിലൂടെയാണോ നിങ്ങൾ രാജകുമാരീ–രാജകുമാരന്മാരായി മാറുന്നത്, അവർ നിങ്ങളുടെ അച്ഛനും ടീച്ചറും സദ്ഗുരുവുമാണ്, നിങ്ങൾ അവരെ മറന്നുപോകുന്നു!

ഏത് കുട്ടികളാണോ തന്റെ പരിപൂർണ്ണമായ കണക്കുകൾ ബാബയ്ക്ക് അയച്ചുകൊടുക്കുന്നത് അവർക്കാണ് ബാബ നിർദേശം നൽകുന്നത്. കുട്ടികൾ പറയണം ഞാൻ എങ്ങനെയാണ് ബാബയെ ഓർമ്മിക്കുന്നത്? എപ്പോഴാണ് ഓർമ്മിക്കുന്നത്? പിന്നീട് ബാബ നിർദേശം നൽകും. ബാബ മനസ്സിലാക്കും ഇന്നതാണ് ഇവരുടെ ജോലി, അത് അനുസരിച്ച് ഇവർക്ക് എത്ര സമയം ലഭിക്കും? ഗവൺമെന്റ് ജോലി ചെയ്യുന്നവർക്ക് ഒരുപാട് സമയം ലഭിക്കും. ജോലി അല്പം കുറവാണെങ്കിൽ ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കൂ. നടക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴും ബാബയുടെ ഓർമ്മയുണ്ടാകണം. ബാബ സമയവും നൽകുന്നു. ശരി, രാത്രി 9 മണിയ്ക്ക് ഉറങ്ങു പിന്നീട് 2–3 മണിയ്ക്ക് ഉണർന്ന് ഓർമ്മിക്കൂ. ഇവിടെ വന്നിരിക്കൂ. പക്ഷേ ഇരുന്ന് ഓർമ്മിക്കുന്ന ശീലവും ബാബ നിഷ്കർഷിക്കുന്നില്ല, നടക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴും ബാബയെ ഓർമ്മിക്കാൻ സാധിക്കും. ഇവിടെ കുട്ടികൾക്ക് വളരെ അധികം സമയമുണ്ട്. മുമ്പ് നിങ്ങൾ ഏകാന്തമായി പർവ്വതമുകളിൽ ചെന്ന് ഇരിക്കുമായിരുന്നു. ബാബയെ തീർച്ചയായും ഓർമ്മിക്കണം. ഇല്ലെങ്കിൽ എങ്ങനെ വികർമ്മം വിനാശമാകും. ബാബയെ ഓർമ്മിക്കാൻ സാധിക്കുന്നില്ലെങ്കിൽ കുഞ്ഞിലും കുഞ്ഞാണ്. എല്ലാത്തിന്റേയും ആധാരം ഓർമ്മയാണ്. പതിത പാവനനായ ബാബയെ ഓർമ്മിക്കുന്നത് പരിശ്രമമാണ്. ജ്ഞാനം വളരെ സഹജമാണ്. ഇതും അറിയാം– ആരാണോ കല്പം മുമ്പ് വന്നത് അവർ മാത്രമേ ഇവിടെ വന്ന് മനസ്സിലാക്കുകയുള്ളു. കുട്ടികൾക്ക് നിർദേശം ലഭിച്ചുകൊണ്ടിരിക്കുന്നു. എനിക്ക് എങ്ങനെ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറാം എന്നതിലായിരിക്കണം പരിശ്രമം മുഴുവനും. ബാബയുടെ ഓർമ്മയല്ലാതെ മറ്റൊരു ഉപായവുമില്ല. ബാബയോട് പറയാൻ കഴിയും, ബാബാ എന്റെ ജോലി ഇതായതു കാരണം അഥവാ ഇന്ന കാര്യത്താൽ എനിക്ക് ഓർമ്മിക്കാൻ കഴിയുന്നില്ല. ബാബ പെട്ടെന്നുതന്നെ വഴി പറഞ്ഞുതരും– അങ്ങനെയല്ല, ഇങ്ങനെചെയ്യൂ. നിങ്ങളുടെ മുഴുവൻ ആധാരവും ഓർമ്മയാണ്. നല്ല നല്ല കുട്ടികൾ വളരെ നന്നായി ജ്ഞാനം നൽകുന്നുണ്ട്, എല്ലാവരേയും സന്തോഷിപ്പിക്കുന്നുണ്ട് പക്ഷേ യോഗമില്ല. ബാബയെ ഓർമ്മിക്കണം. ഇതു മനസ്സിലാക്കിയിട്ടും പിന്നെയും മറന്നുപോകുന്നു, ഇതിൽ തന്നെയാണ് പരിശ്രമം. ശീലം ഉണ്ടായാൽ പിന്നെ വിമാനത്തിൽ അഥവാ ട്രെയിനിൽ ഇരിക്കുകയാണെങ്കിലും തന്റെ ലഹരിയിൽ തന്നെയായിരിക്കും. ഉള്ളിൽ സന്തോഷമുണ്ടാകും ഞാൻ ബാബയിലൂടെ ഭാവിയിലെ രാജകുമാരീ–രാജകുമാരനായി മാറുകയാണ്. അതിരാവിലെ എഴുന്നേറ്റ് ഇങ്ങനെയുള്ള ബാബയുടെ ഓർമ്മയിൽ ഇരിക്കൂ. പിന്നീട് ക്ഷീണിക്കുന്നു. ശരി എങ്കിൽ ഓർമ്മിച്ചുകൊണ്ട് കിടന്നോളൂ. ബാബ യുക്തികൾ പറഞ്ഞുതരുന്നു. നടക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴും ബാബയെ ഓർമ്മിക്കാൻ സാധിക്കുന്നില്ലെങ്കിൽ ശരി രാത്രിയിൽ ഓർമ്മയിൽ ഇരിക്കൂ എങ്കിൽ അല്പം സമ്പാദ്യം ഉണ്ടാകും. പക്ഷേ നിർബന്ധിച്ച് ഒരു സ്ഥലത്ത് ഇരിക്കുന്നത് ഹഠയോഗമാണ്. നിങ്ങളുടേതാണെങ്കിൽ സഹജമാർഗ്ഗമാണ്. ഭക്ഷണം കഴിക്കുകയാണെങ്കിലും ബാബയെ ഓർമ്മിക്കൂ. നമ്മൾ ബാബയിലൂടെ വിശ്വത്തിന്റെ അധികാരിയാവുകയാണ്. തന്നോടുതന്നെ സംസാരിച്ചുകൊണ്ടിരിക്കൂ, ഞാൻ ഈ പഠിപ്പിലൂടെ എന്തായി മാറുകയാണ്. പഠിപ്പിൽ പൂർണ്ണ ശ്രദ്ധ നൽകണം. നിങ്ങളുടെ വിഷയങ്ങൾ കുറച്ചേയുള്ളു. ബാബ എത്ര കുറച്ചാണ് മനസ്സിലാക്കിത്തരുന്നത്, ഏതെങ്കിലും കാര്യം മനസ്സിലായില്ലെങ്കിൽ ബാബയോട് ചോദിക്കൂ. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കണം, ഈ ശരീരം 5 ഭുതങ്ങളാൽ നിർമ്മിതമാണ്. ഞാൻ ശരീരമാണ്, ഇങ്ങനെ പറയുന്നത് ഞാൻ ഭൂതമാണ് എന്ന് മനസ്സിലാക്കുന്നതിന് തുല്യമാണ്. ഇത് ആസുരീയ ലോകമാണ്, അത് ദൈവീക ലോകമാണ്. ഇവിടെ എല്ലാവരും ദേഹാഭിമാനികളാണ്. തന്റെ ആത്മാവിനെ ആരും അറിയുന്നില്ല. ശരിയും തെറ്റും ഉണ്ടല്ലോ. ഞാൻ ആത്മാവ് അവിനാശിയാണ്– ഇങ്ങനെ മനസ്സിലാക്കുന്നതാണ് ശരി. സ്വയം വിനാശീ ശരീരമാണ് എന്ന് കരുതുന്നത് തെറ്റാണ്. ദേഹത്തിന്റെ അഹങ്കാരം കൂടുതലാണ്. ഇപ്പോൾ ബാബ പറയുന്നു– ദേഹത്തെ മറക്കൂ, ആത്മാഭിമാനിയായി മാറൂ. ഇതിലാണ് പരിശ്രമം. 84 ജന്മങ്ങൾ എടുക്കുന്നു, ഇപ്പോൾ വീട്ടിലേയ്ക്ക് പോകണം. നിങ്ങൾക്കാണ് ഈസിയായി തോന്നുന്നത്, നിങ്ങൾ തന്നെയാണ് 84 ജന്മങ്ങൾ എടുക്കുന്നത്. സൂര്യവംശി ദേവതകൾക്കാണ് 84 ജന്മം, കൃത്യമായി എഴുതണം. കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുകയാണ് അതിന് അനുസരിച്ച് കൃത്യത വരുത്തുന്നു. ആ പഠിപ്പിലും നമ്പർവൈസ് ആയിരിക്കുമല്ലോ. പഠിപ്പ് കുറവാണെങ്കിൽ ശമ്പളവും കുറച്ചേ കിട്ടൂ. ഇപ്പോൾ നിങ്ങൾ കുട്ടികൾ ബാബയുടെ അടുത്തേയ്ക്ക് വന്നിരിക്കു

ന്നത് നരനിൽ നിന്നും നാരായണനായി മാറുന്നതിനുള്ള സത്യം സത്യമായ അമരകഥ കേൾക്കാനാണ്. ഈ മൃത്യുലോകം ഇപ്പോൾ അവസാനിക്കാനുള്ളതാണ്. നമുക്ക് അമരലോകത്തിലേയ്ക്ക് പോകണം. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഈ ചിന്തയുണ്ടാകണം അതായത് നമുക്ക് തമോപ്രധാനത്തിൽ നിന്നും സതോപ്രധാനം അഥവാ പതിതത്തിൽ നിന്നും പാവനമായി മാറണം. പതിത പാവനനായ ബാബ എല്ലാവർക്കും പറഞ്ഞുതരുന്നത് ഒരേയൊരു യുക്തിയാണ്- ഇത്രയേ പറയുന്നുള്ളു അച്ഛനെ ഓർമ്മിക്കു, ചാർട്ട് വെയ്ക്കൂ എങ്കിൽ നിങ്ങൾക്ക് വളരെ അധികം സന്തോഷമുണ്ടാകും. ഇപ്പോൾ നിങ്ങൾക്ക് ജ്ഞാനമുണ്ട്, ലോകമാണെങ്കിൽ ഘോരാന്ധകാരത്തിലാണ്. നിങ്ങൾക്ക് ഇപ്പോൾ പ്രകാശം ലഭിച്ചു. നിങ്ങൾ ത്രിനേത്രികളും ത്രികാലദർശികളുമായി മാറിയിരിക്കുന്നു. വളരെപ്പേർ ഇങ്ങനെയുണ്ട് അവർ പറയും ഈ ജ്ഞാനം അവിടെയും ഇവിടെയും എല്ലാം ലഭിക്കുന്നതാണ്, ഇത് പുതിയ കാര്യമൊന്നുമല്ല. അല്ല, ഈ ജ്ഞാനം ആർക്കും ലഭിക്കില്ല. അഥവാ എവിടെയെങ്കിലും ഈ ജ്ഞാനം ലഭിക്കുന്നുണ്ടെങ്കിൽ പോലും ഒന്നും ചെയ്യുന്നില്ല. നരനിൽ നിന്നും നാരായണനായി മാറാൻ ആരെങ്കിലും പുരുഷാർത്ഥം ചെയ്യുന്നുണ്ടോ? ഒന്നുമില്ല. അതിനാൽ ബാബ കുട്ടികളോട് പറയുന്നു- അതിരാവിലെയുള്ള സമയം വളരെ നല്ലതാണ്. വളരെ രസമുണ്ടാകും, ശാന്തമായിരിക്കും, വായുമണ്ഢലം വളരെ നല്ലതായിരിക്കും. വളരെ മോശമായ വായുമണ്ഢലം 10 മണി മുതൽ 12 മണിവരെയാണ് അതിനാൽ രാവിലെയുള്ള സമയം വളരെ നല്ലതാണ്. രാത്രി വളരെ നേരത്തെ ഉറങ്ങു എന്നിട്ട് 2-3 മണിയ്ക്ക് എഴുന്നേൽക്കൂ. സ്വസ്ഥമായിരിക്കൂ. ബാബയോട് സംസാരിക്കൂ. വിശ്വത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും ഓർമ്മിക്കൂ. ശിവബാബ പറയുന്നു- എന്റെയുള്ളിൽ രചയിതാവിന്റേയും രചനയുടേയും ജ്ഞാനമുണ്ടല്ലോ. ഞാൻ ടീച്ചറായി നിങ്ങളെ പഠിപ്പിക്കുന്നു. നിങ്ങൾ ആത്മാക്കൾ ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കുന്നു. ഭാരതത്തിന്റെ പ്രാചീനയോഗം വളരെ പ്രശസ്തമാണ്. ആരുമായാണ് യോഗം? ഇതും എഴുതണം. ആത്മാവിന് പരമാത്മാവുമായുള്ള യോഗം അഥവാ ഓർമ്മ. നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ അറിയാം നമ്മൾ ഓൾറൗണ്ടേഴ്സാണ്, പൂർണ്ണമായും 84 ജന്മങ്ങൾ എടുക്കുന്നു. ഇവിടേയ്ക്ക് ബ്രാഹ്മണകുലത്തിലുള്ളവർ മാത്രമേ വരൂ. നമ്മൾ ബ്രാഹ്മണരാണ്. ഇപ്പോൾ നമ്മൾ ദേവതയാവുന്നവരാണ്. സരസ്വതിയും മകളാണല്ലോ. വൃദ്ധനുമുണ്ട്, വളരെ അധികം സന്തോഷം ഉണ്ടാകുന്നു, ഇപ്പോൾ നമ്മൾ ശരീരം ഉപേക്ഷിച്ച് രാജാവിന്റെ വീട്ടിൽ ചെന്ന് ജന്മം എടുക്കും. ഞാൻ പഠിക്കുകയാണ്. പിന്നീട് സ്വർണ്ണക്കരണ്ടി വായിൽ വെച്ചായിരിക്കും ജനിക്കുക. നിങ്ങൾ എല്ലാവരുടേയും പ്രധാനലക്ഷ്യം ഇതാണ്. എന്തുകൊണ്ട് സന്തോഷം ഉണ്ടായിക്കൂടാ. മനുഷ്യർ എന്തുവേണമെങ്കിലും പറഞ്ഞോട്ടെ. നിങ്ങളുടെ സന്തോഷം എന്തുകൊണ്ടാണ് കളഞ്ഞുപോകുന്നത്. ബാബയെ ഓർമ്മിക്കുന്നില്ലെങ്കിൽ പിന്നെ എങ്ങനെ നരനിൽ നിന്നും നാരായണനായി മാറും. ഉയർന്നതായി മാറണമല്ലോ. ഇങ്ങനെയുള്ള പുരുഷാർത്ഥം ചെയ്ത് കാണിക്കൂ, ക്ഷീണിക്കുന്നത് എന്തുകൊണ്ടാണ്? എല്ലാവരും രാജാവാകില്ലല്ലോ എന്ന് കരുതി നിരാശപ്പെടുന്നത് എന്തിനാണ്! ഈ ചിന്ത വന്നാൽ തോറ്റുപോയി. സ്ക്കൂളിൽ വക്കീലിനും എഞ്ചിനീയറിനും പഠിക്കുന്നു. എല്ലാവരും വക്കീലാകില്ല എന്ന് ആരെങ്കിലും പറയുമോ. പഠിച്ചില്ലെങ്കിൽ തോറ്റുപോകും. 16108 ന്റെ മുഴുവൻ മാലയും ഉണ്ട്. ആദ്യമാദ്യം ആര് വരും? ആര് എത്ര പുരുഷാർത്ഥം ചെയ്യുന്നുവോ അതിനനുസരിച്ചാണ്. ഒരാൾ അടുത്തയാളേക്കാൾ നന്നായി പുരുഷാർത്ഥം ചെയ്യുന്നുണ്ടല്ലോ അല്ലേ. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്- ഇപ്പോൾ നമുക്ക് ഈ പഴയ ശരീരം ഉപേക്ഷിച്ച് വീട്ടിലേയ്ക്ക് പോകണം. ഇത് ഓർമ്മയുണ്ടെങ്കിലും പുരുഷാർത്ഥം തീവ്രമാകും. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഉണ്ടാവണം സർവ്വരുടേയും മുക്തി ജീവന്മുക്തി ദാതാവ് ഒരേയൊരു ബാബയാണ്. ഇന്ന് ലോകത്ത് ഇത്രയും കോടി മനുഷ്യരുണ്ട്. നിങ്ങൾ 9 ലക്ഷം പേരുണ്ടാകും. അതും ഏകദേശം പറയുകയാണ്. സത്യയുഗത്തിൽ പിന്നെ എത്ര പേരുണ്ടാകും. രാജധാനിയിൽ ആളുകൾ വേണമല്ലോ. ഇവിടെ രാജധാനി സ്ഥാപിക്കുകയാണ്. ബുദ്ധി പറയുന്നു ഇവിടെ സത്യയുഗത്തിൽ വളരെ ചെറിയ വൃക്ഷമായിരിക്കും, സുന്ദരമായിരിക്കും. പേരുതന്നെ സ്വർഗ്ഗം, പാരഡൈസ് എന്നാണ്. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ മുഴുവൻ വൃക്ഷവും കറങ്ങിക്കൊണ്ടിരിക്കും. ഇതും സദാ കറങ്ങിക്കൊണ്ടിരുന്നാൽ അതും നല്ലതാണ്.

ഈ ചുമയൊക്കെ ഉണ്ടാകുന്നത് കർമ്മഭോഗാണ്, ഇത് പഴയ ചെരുപ്പാണ്. പുതിയത് ഇവിടെ കിട്ടില്ല. ഞാൻ പുനർജന്മം എടുക്കുന്നില്ല. ഒരു ഗർഭത്തിലും പോകുന്നില്ല. ഞാൻ സാധാരണ ശരീരത്തിൽ പ്രവേശിക്കുന്നു. വാനപ്രസ്ഥ അവസ്ഥയാണ്, ഇപ്പോൾ വാണിയ്ക്ക് ഉപരി ശാന്തിധാമത്തിലേയ്ക്ക് പോകണം. എങ്ങനെയാണോ രാത്രിയിൽ നിന്നും പകലും, പകലിൽ നിന്നും രാത്രിയും തീർച്ചയായും ഉണ്ടാകുന്നത് അതുപോലെ പഴയ ലോകം തീർച്ചയായും വിനാശമാകണം. ഈ സംഗമയുഗം പൂർത്തിയായി തീർച്ചയായും സത്യയുഗം വരും. കുട്ടികൾക്ക് ഓർമ്മയുടെ യാത്രയിൽ വളരെ അധികം ശ്രദ്ധ നൽകണം, ഇപ്പോൾ അത് വളരെ കുറവാണ്, അതിനാലാണ് ബാബ കുഞ്ഞാണെന്ന് പറയുന്നത്. കുഞ്ഞുങ്ങളെപ്പോലെയാണ് കാണിക്കുന്നത്. പറയുന്നു ബാബയെ ഓർമ്മിക്കാൻ പറ്റുന്നില്ലെന്ന്, എങ്കിൽ കുഞ്ഞല്ലേ. നിങ്ങൾ ചെറിയ

കുഞ്ഞുങ്ങളാണ്, അച്ഛനെ മറന്നുപോകുന്നോ? മധുരത്തിലും മധുരമായ അച്ഛൻ, ടീച്ചർ, ഗുരു അരകല്പത്തിലെ അതിസ്നേഹിയായ അച്ഛനെ മറന്നുപോകുന്നു! അരകല്പം ദുഃഖത്തിൽ അല്ലയോ ഭഗവാനേ എന്ന് വിളിച്ച് നിങ്ങൾ ഓർമ്മിച്ചുവന്നു. ആത്മാവ് ശരീരത്തിലൂടെ പറയുന്നുണ്ടല്ലോ. ഇപ്പോൾ ഞാൻ വന്നിരിക്കുന്നു, നല്ലരീതിയിൽ ഓർമ്മിക്കൂ. വളരെ അധികം പേർക്ക് വഴി പറഞ്ഞുകൊടുക്കൂ. മുന്നോട്ട് പോകവേ വളരെ അധികം വൃദ്ധിയുണ്ടാകും. ധർമ്മത്തിന്റെ വൃദ്ധി ഉണ്ടാകുമല്ലോ. അരവിന്ദഘോഷിന്റെ ഉദാഹരണമുണ്ട്. ഇന്ന് അവർക്ക് എത്ര സെന്ററുകളാണ്. ഇപ്പോൾ നിങ്ങൾക്ക് അറിയാം അതെല്ലാം ഭക്തിമാർഗ്ഗമാണ്. ഇപ്പോൾ നിങ്ങൾക്ക് ജ്ഞാനം ലഭിക്കുന്നുണ്ട്. ഇത് പുരുഷോത്തമനായി മാറുന്നതിനുള്ള ജ്ഞാനമാണ്. നിങ്ങൾ മനുഷ്യനിൽ നിന്നും ദേവതയായി മാറുന്നു. ബാബ വന്ന് എല്ലാ വിസർജ്യങ്ങൾ നിറഞ്ഞ വസ്ത്രങ്ങളും വൃത്തിയാക്കുന്നു. ബാബയുടെ മഹിമയാണിത്. മുഖ്യമായത് ഓർമ്മയാണ്. ജ്ഞാനം വളരെ സഹജമാണ്. മുരളി പഠിച്ച് കേൾപ്പിക്കൂ. ഓർമ്മിച്ചുകൊണ്ടിരിക്കൂ. ഓർമ്മിച്ച് ഓർമ്മിച്ച് ആത്മാവ് പവിത്രമായി മാറും. പെട്രോൾ നിറഞ്ഞുകൊണ്ടിരിക്കും. ശേഷം ബാബ പോകും. ഇത് ശിവബാബയുടെ വിവാഹഘോഷയാത്രയെന്ന് പറഞ്ഞാലും അല്ലെങ്കിൽ കുട്ടികളുടേതാണെന്ന് പറഞ്ഞാലും ശരി. ബാബ പറയുന്നു ഞാൻ വന്നിരിക്കുന്നു, കാമചിതയിൽ നിന്നും പുറത്തെടുത്ത് നിങ്ങളെ ഇപ്പോൾ യോഗ ചിതയിൽ ഇരുത്തുകയാണ്. യോഗത്തിലൂടെ ആരോഗ്യവും ജ്ഞാനത്തിലൂടെ സമ്പത്തും ലഭിക്കുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1) ലക്ഷ്യത്തെ മുന്നിൽ വെച്ച് സന്തോഷത്തോടെ കഴിയണം. ഒരിയ്ക്കലും നിരാശരാകരുത്- എല്ലാവരും രാജാവാകില്ലല്ലോ എന്ന ചിന്ത ഒരിയ്ക്കലും വരരുത്. പുരുഷാർത്ഥം ചെയ്ത് ഉയർന്ന പദവി നേടണം.

2) അതിസ്നേഹിയായ ബാബയെ വളരെ സ്നേഹത്തോടെ ഓർമ്മിക്കണം, ഇതിൽ കുഞ്ഞാവരുത്. ഓർമ്മിക്കാൻ അതിരാവിലെയുള്ള സമയം വളരെ നല്ലതാണ്. സ്വസ്ഥമായി ശാന്തമായിരുന്ന് ഓർമ്മിക്കണം.

## വരദാനം:- യജ്ഞ സേവനത്തിലൂടെ പ്രാപ്തികളുടെ പ്രസാദം പ്രാപ്തമാക്കുന്ന ആൾറൗണ്ട് സേവാധാരിയായി ഭവിക്കൂ

സംഗമയുഗത്തിൽ ആൾറൗണ്ട് സേവനത്തിന്റെ അവസരം ലഭിക്കുക - ഇതും ഡ്രാമയിൽ ഒരു ലിഫ്റ്റാണ്, ആരാണോ സ്നേഹത്തോടെ യജ്ഞത്തിന്റെ ആൾറൗണ്ട് സേവനം ചെയ്യുന്നത് അവർക്ക് സർവ്വ പ്രാപ്തികളുടേയും പ്രസാദം സ്വതവേ പ്രാപ്തമാകുന്നു. അവർ നിർവ്വിഘ്നമായി കഴിയുന്നു. ഒരു പ്രാവശ്യം സേവനം ചെയ്തു ആയിരം പ്രാവശ്യം സേവനത്തിന്റെ ഫലം പ്രാപ്തമായി. സദാ സ്ഥൂല സൂക്ഷ്മമായ നങ്കൂരം ഇട്ടിരിക്കണം. ആരെയെങ്കിലും സന്തുഷ്ടമാക്കുക - ഇത് ഏറ്റവും വലിയ സേവനമാണ്. ആതിഥ്യ മര്യാദയരുളുക, ഇത് ഏറ്റവും വലിയ ഭാഗ്യമാണ്.

## സ്ലോഗൻ:- സ്വമാനത്തിൽ കഴിയുകയാണെങ്കിൽ അനേക പ്രകാരത്തിലുള്ള അഭിമാനം സ്വതവേ സമാപ്തമാകും.

### അവ്യക്ത സൂചന - ആത്മീയ രാജകീയുടേയും പവിത്രതയുടേയും വ്യക്തിത്വത്തെ ധാരണ ചെയ്യൂ

ഏതുപോലെയാണോ ലോകത്തിലെ റോയൽ ആത്മാക്കൾ ഒരിക്കലും ചെറിയ-ചെറിയ കാര്യങ്ങളിൽ, ചെറിയ-ചെറിയ വസ്തുക്കളിൽ തന്റെ ബുദ്ധിയും സമയവും നൽകാത്തത്, നോക്കുന്നു പോലുമില്ല, കേൾക്കുന്നു പോലുമില്ല, ഇതുപോലെ താങ്കൾ ആത്മീയ രാജകീയ ആത്മാക്കൾക്കും ഏതൊരാത്മാവിന്റേയും രാജകീയമല്ലാത്ത ചെറിയ-ചെറിയ കാര്യങ്ങളിൽ തന്റെ ബുദ്ധിയും സമയവും നൽകാൻ സാധിക്കില്ല. ആത്മീയ രാജകീയ ആത്മാക്കൾക്ക് മുഖത്തിലൂടെ ഒരിക്കലും വ്യർത്ഥമോ സാധാരണമോ ആയ വാക്കു പോലും പുറത്ത് വിടാൻ സാധിക്കില്ല.